കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി1) 53/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി: 12.02.19

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡിക നം.3-1, 3-8 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി1) 53/2019 തീയതി: 12.02.19

**<u>തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 06.11.17 മുതൽ 04.12.18 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി<br>ജോയിന്റ് ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.12.18 മുതൽ 11.12.18 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.സാബു പി.എസ് | ഓഡിറ്റ് ഓഫീസർ( ഹ.ഗ്രേ) |
| ശ്രീമതി. ഹണി.കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ സ്റ്റാൻലി പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ ജീജോ ജോബ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ലൈജു സി എടക്കളത്തൂർ | 1.04.17മുതൽ 31.3.18 വരെ |
| സെക്രട്ടറി | സി എ മുരളീധരൻ | 1.4.17 മുതൽ 1.9.17 വരെ |
| | കെ ഇ ഉണ്ണി.(ജോയിന്റ് ബിഡിഒ) സെക്രട്ടറി ഇൻ ചാർജ് | 2.9.17മുതൽ 5.1.18 വരെ |
| | ഗണേഷ് എ | 6.1.18 മുതൽ 12.1.18 വരെ |
| | കെ ഇ ഉണ്ണി.(ജോയിന്റ് ബിഡിഒ) സെക്രട്ടറി ഇൻ ചാർജ് | 12.1.18 മുതൽ15.2.18 |
| | ഗണേഷ് എ | 16.2.18മുതൽ31.3.18 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,തോളൂർ | ഡോ.ജോബ്,സൂപ്രണ്ട് | 1.04.17മുതൽ 31.3.18വരെ |
| ശിശു വികസന പ്രോജക്ട് ഓഫീസർ | ഫാത്തിമബീവി | 1.4.17 മുതൽ 9.7.17 വരെ |
| | ലളിതമോൾ തോമസ് | 10.7.17 മുതൽ 17.8.17 വരെ |
| | മിനി ദാമോദരൻ | 18.8.17 മുതൽ 31.3.18വരെ |
| എ.ഡി.എ പുഴക്കൽ | രുഗ്മിണി ആർ | 1.4.17 മുതൽ 31.3.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഗിരിജ എസ് കെ | 1.4.17 മുതൽ 31.3.18വരെ |
| പട്ടികജാതി വികസനഓഫീസർ | സുജിത്ത് എസ് | 1.4.17 മുതൽ 9.7.17വരെ |
| | സുഗുണൻ സി ബി | 10.7.17 മുതൽ 18.9.17വരെ |
| | സുജിത്ത് എസ് | 19.9.17 മുതൽ 31.3.18വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | പീറ്റർ.സി.ജി, | 1.4.17 മുതൽ 31.5.17വരെ |
| | ശാന്തകുമാരി വി കെ, | 1.6.17 മുതൽ 13.11.17വരെ |
| | വിനോദ് ഇ കെ | 14.11.17 മുതൽ 31.3.18വരെ |
| വ്യവസായവികസനഓഫീസർ | ജലജ വി എസ് | 1.4.17 മുതൽ 9.4.17വരെ |
| | ജാൻസി വർഗീസ് | 10.4.17 മുതൽ 31.3.18വരെ |
| സീനിയർ വെറ്ററിനറിസർജൻ | ഡോ.ടെസ്സി കെ | 1.4.17 മുതൽ |

| | | |
|---|---|---|
| | കുരുവിള | 30.4.17വരെ |
| | ഡോ.അനിൽകുമാർ കെ | 1.5.17 മുതൽ 31.5.17വരെ |
| | ഡോ.പത്മജ പി ആർ | 1.6.17 മുതൽ 31.3.18വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1.7 |
| 8 | ആഭ്യന്തരനിയന്ത്രണം. | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | വാർഷിക കണക്കിലെ അപാകത | 1.10 |
| | ഭാഗം 2 | |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2.1 |
| 12 | ദൈനം ദിന ഇടപാടുകൾ "സാംഖ്യ" യിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 2.2 |
| 13 | കടമുറികൾ / ഹാൾ എന്നിവയുടെ വാടക ഈടാക്കുന്നതിലേയും രജിസ്റ്റർ സൂക്ഷിക്കുന്നതിലേയും അപാകതകൾ | 2.3 |
| | ഭാഗം 3 | |
| 14 | സായൂജ്യ ഇക്കോഷോപ്പ് എന്ന പദ്ധതി കൂടുതൽ ഫലപ്രദമാക്കണം | 3.1 |
| 15 | പ്രൊജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും മുഴുവൻ തുകയും ചെലവ് ചെയ്തു | 3.2 |
| 16 | വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 3.3 |
| 17 | കുളം പുനരുദ്ധാരണത്തിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗവിവരമില്ല | 3.4 |
| 18 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 3.5 |
| 19 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല | 3.6 |
| 20 | ടെണ്ടർ ഫീസ് ലഭ്യമായില്ല | 3.7 |
| 21 | കുടിവെള്ളപദ്ധതികൾ - ഡെപ്പോസിറ്റ് പ്രവൃത്തികൾ -അപാകതകൾ | 3.8 |
| 22 | വിനിയോഗവിവരം ലഭ്യമായിട്ടില്ല | 3.9 |
| 23 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 3.10 |
| 24 | SC/ST ഡെവലപ്പ്മെന്റ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-11 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| | | |

| | | |
|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4.3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 30 | ഓഡിറ്റ് റിക്കവറി | 4.6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4.7 |
| 32 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലെ വിവരം | 4.8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4.9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.10 |
| 35 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 36 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


## ഭാഗം -1

## പൊതു അവലോകനം

# 1-1 ബജറ്റ്

22.3.17തീയതിയിലെ 41-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| വരവ് | ചെലവ് |
|---|---|
| 285868281 | 285659456 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 01.06.2018 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14.09.2018 | KSATSRE3-1517/18 Dt.29.10.18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16292873.57 |
| വരവ് | 56297112 |
| ആകെ | 72589985.57 |
| ചെലവ് | 54167450 |
| നീക്കിയിരിപ്പ് | 18422535.57 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 25388341 | 25388341 | 24125362 | 1262979 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10920000 | 10920000 | 10415306 | 504694 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 96000 | 96000 | 96000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3159000 | 3159000 | 3158915 | 85 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | | | | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 60355 | 569146 | 629501 | 629036 | 465 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ IAY | | 0 | 1057000 | 1057000 | 1057000 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| PMAY | | 0 | 1800000 | 1800000 | 1800000 | 0 |
| PYKKA | | 167492 | 6240 | 173732 | 0 | 173732 |
| Nirmal Puraskar | | 31950 | 864460 | 896410 | 0 | 896410 |
| TSC | | 114056 | 48441 | 162497 | 73846 | 88651 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4643614 | 4537775 | 9481389 | 5408789 | 4072600 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| | ട്രഷറി അക്കൗണ്ട് | 467262 | 65192 | 532454 | 0 | 532454 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 98 | 62885732 | 44 | 37699583 | 50 | 4 | 44 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.18. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ല.

# 1-8 ആഭ്യന്തരനിയന്ത്രണസംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പ്രധാനപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല. ബജറ്റും വാർഷിക കണക്കും തമ്മിൽ വരവ് ചെലവുകളിൽ വലിയ അന്തരം നിലനിൽക്കുന്നു. ജി.ഒ.(ആർ.ടി)നം. 3291/2016/LSGD തിയതി 02.12.2016 പ്രകാരം പുറപ്പെടുവിച്ച ബജറ്റ് മാന്വലിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് രൂപീകരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.18-27.7.18 | 2017-18 | 24.9.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.3.17-22.3.17 | 2011-12 to 2015-16 | 03.05.2017 |

# 1-10 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ.ടി.എസ്.ആർ (ഇ3) 1517/18 തീയതി 29.10.2018 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യ പത്രത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അഡ്വാൻസ്, ഡെപ്പോസിറ്റ് ശീർഷകങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
4. റസീപ്റ്റ് ആന്റ് പേയ്മെന്റ് RP-5 Sales & Hire Charge എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട തുകകൾക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ മൂല്യവും ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള ആസ്തി മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. 06.08.12-ലെ സ.ഉ.(കൈ) നം.212/12 ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തേയ്മാനം കണക്കാക്കേണ്ടത്. എന്നാൽ മേൽ ഉത്തരവിൽ നിർദ്ദേശിച്ച ശതമാന കണക്കിലല്ല തേയ്മാനം കണക്കാക്കിയിരിക്കുന്നത്.
7. IAY, PMAY പദ്ധതികളിൽ നേരിട്ട് ഗുണഭോക്താക്കൾക്ക് കൈമാറ്റം ചെയ്യുന്ന തുകകളുടെ വിവരം ഇൻകം ആന്റ് എക്സ്പെന്റിച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. A.Ex.E.യുടെ പ്രോജക്റ്റ് രജിസ്റ്റർ പ്രകാരമുള്ള പാർട്ട് ബിൽ തുകകൾ വാർഷിക കണക്കിലെ Work in Progress എന്ന ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9. സംയുക്ത പ്രോജക്ടുകൾക്കായി വിഹിതം ലഭിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പ്രകാരം 2017-18 വർഷം ലഭ്യമായ തുകയും വാർഷിക കണക്ക് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
10. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21,29,662/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,76,084/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
11. കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 2320041 | 22.03.17 | 1643/- |
| 2320048 | 18.04.17 | 1248/- |
| 2320085 | 05.07.17 | 1050/- |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18 പ്രകാരം സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്ക് , ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. തുകകൾ യഥാസമയം അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും അതേ ദിവസം തന്നെ ഡേബുക്ക്,ക്യാഷ് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന മാന്വൽ രസീതുകൾ "Interrupted receipts" ആയി "സാംഖ്യ"യിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി വരവുകൾ ഡേ ബുക്കിലോ, കാഷ് ബുക്ക് സമ്മറിയിലോ ഉൾപ്പെടാതെ നേരിട്ട് ട്രഷറി അക്കൗണ്ടിൽ അടവാക്കിയിരിക്കുന്നു.

| മാന്വൽ രസീത് നമ്പറും തീയതിയും | തുക | വിവരണം | അടവാക്കിയ അക്കൗണ്ട് |
|---|---|---|---|
| 64/05-04-17 | 50 | Remittance of Excess amount withdrawn | GPG |
| 65/21-06-17 | 64 | Fee for extracts given under RTI | 0070-60-118-99-RTI |
| 66/30-06-17 | 2524 | ,, | ,, |
| 68/12-12-17 | 1000 | Hall rent | GPG |
| 69/28-12-17 | 450 | Cost of tender form | ,, |
| 70/28-12-17 | 450 | ,, | ,, |
| 71/01-01-2018 | 1000 | Hall rent | ,, |
| 72/26-03-2018 | 26 | Fee for extracts given under RTI | 0070-60-118-99-RTI |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ - 03/17-18) മേൽ മാന്വൽ രസീതുകൾ മുഖേന പിരിച്ചെടുത്ത തുക അതാത് ദിവസങ്ങളിൽ അക്കൗണ്ടുകളിൽ അടവാക്കിയിട്ടുണ്ടെന്നും മാന്വൽ രസീത് മുഖേന ലഭിച്ച ഈ വരവുകൾ "Interrupted receipt"മുഖേന സാംഖ്യയിൽ വരവ് വെക്കാൻ വിട്ടു പോയതുകൊണ്ടാണ് ഡേ ബുക്കിൽ വരവ് വരാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 ദൈനം ദിന ഇടപാടുകൾ "സാംഖ്യ" യിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ

ഇടപാടുകൾ "സാംഖ്യ" യിൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. പ്രതിമാസ റീകൺസിലിയേഷൻ ബാങ്ക്ബുക്ക് അടിസ്ഥാനമാക്കി നടത്തേണ്ടതാണ്**

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 6(5) പ്രകാരം ബാങ്കിൽ / ട്രഷറിയിൽ നിന്ന് ലഭിക്കുന്ന പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് / ട്രഷറി അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി താരതമ്യപ്പെടുത്തി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ ജി.പി.ജി.സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിന്റെ ( നം. 713011400000023) പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നത് ടി അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ റജിസ്റ്റർ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2017-18 വർഷത്തെ ഓരോ മാസാന്ത്യത്തെയും "സാംഖ്യ " ബാങ്ക് ബുക്കിലെ നീക്കിയിരിപ്പും ചെക്ക് ഇഷ്യൂ രജിസ്റ്ററിലെ നീക്കിയിരിപ്പും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| തീയതി | ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 30.04.17 | 48,54,976 | 49,06,364 |
| 31.05.17 | 39,78,356 | 45,67,637 |
| 30.06.17 | 35,30,649 | 45,73,420 |
| 31.07.17 | 42,01,333 | 43,41,642 |
| 31.08.17 | 43,65,018 | 39,75,696 |
| 30.09.17 | 45,05,075 | 37,86,867 |
| 31.10.17 | 43,28,283 | 36,15,030 |
| 30.11.17 | 42,06,231 | 35,65,196 |
| 31.12.17 | 38,40,082 | 33,59,431 |
| 31.01.18 | 39,27,682 | 34,50,952 |
| 28.02.18 | 36,31,328 | 32,63,813 |
| 31.03.18 | 46,05,054 | 46,05,054 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/07.12.18) മറുപടിയായി ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ചെലവുകളും വരവുകളും അതാത് മാസം തന്നെ "സാംഖ്യ"യിൽ ചേർക്കുവാൻ വൈകുന്നത് കൊണ്ടാണ് ചെക്ക് ഇഷ്യു രജിസ്റ്ററിലെയും ബാങ്ക് ബുക്കിലെയും നീക്കിയിരിപ്പിൽ വ്യത്യാസം വന്നതെന്നും 31.03.18 ൽ എല്ലാ വരവുകളും ചെലവുകളും ഉൾപ്പെടുത്തി നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ രീതി നിയമാനുസൃതമല്ല. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 6(4) പ്രകാരം ദൈനംദിന ഇടപാടുകൾ രേഖപ്പെടുത്തി ബാങ്ക് ബുക്കുകൾ അതാത് ദിവസം തന്നെ ക്ലോസ് ചെയ്യേണ്ടതാണ്. മേലിൽ ബാങ്ക് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കേണ്ടതും പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ ബാങ്ക്ബുക്കിനെ അടിസ്ഥാനപ്പെടുത്തി നടത്തേണ്ടതുമാണ്.

**2. കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്**

2011 ലെ കേരള അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം ഓരോ ദിനാന്ത്യത്തിലും കാഷ്ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും പ്രിന്റ് ഔട്ട് എടുത്ത് ഇടപാടുകൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാഷ് ബുക്ക് പരിശോധിക്കുമ്പോൾ എല്ലാ ഇടപാടുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. മേൽ ചട്ടങ്ങൾ ചട്ടം 5(2) പ്രകാരം ട്രഷറിയിൽ നിന്നോ ബാങ്കിൽ നിന്നോ പിൻവലിക്കുന്ന കാഷ് ഉൾപ്പെടെ പഞ്ചായത്തിൽ ലഭിക്കുന്ന കാഷ്, കാഷ്ബുക്കിന്റെ ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ- 713011400000023)03.04.2017ൽ ചെക്ക് നം. 2320045 പ്രകാരം പിൻവലിച്ച 1,34,390 രൂപ കാഷ്ബുക്കിൽ കൊണ്ടുവരാത്തതിനാൽ പിന്നീട് പേയ്മെന്റ് നടത്തിയപ്പോൾ കാഷ്ബുക്കിൽ 03.04.17 മുതൽ 27.04.17 വരെ ക്രെഡിറ്റ് ബാലൻസ് ആണ് കാണിക്കുന്നത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 2-3 കടമുറികൾ / ഹാൾ എന്നിവയുടെ വാടക ഈടാക്കുന്നതിലേയും രജിസ്റ്റർ സൂക്ഷിക്കുന്നതിലേയും അപാകതകൾ

## കടമുറികൾ / ഹാൾ എന്നിവയുടെ വാടക ഈടാക്കുന്നതിലേയും രജിസ്റ്റർ സൂക്ഷിക്കുന്നതിലേയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. കടമുറികളുടെ വാടകക്കരാറിൽ പ്രതിമാസ വാടക എല്ലാ മാസവും 30-ാം തീയതിക്കകം അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും വാടകക്കാർ കുടിശ്ശിക വരുത്തുന്നതായി കാണുന്നു. വാടക കരാറിൽ നിയമാനുസൃത പിഴപലിശ വ്യവസ്ഥ ചെയ്യേണ്ടതും കുടിശ്ശിക വരുത്തുന്നവരിൽ നിന്നും പിഴപലിശ ഈടാക്കേണ്ടതുമാണ്.

2. കടമുറികളുടെ വാടക രജിസ്റ്ററിൽ 2017-18 വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഓരോ വാടകമുറിയുടെയും കെട്ടിടനമ്പർ, വാടകയ്ക്ക് നൽകിയ കാലയളവും തീയതിയും, സെക്യൂരിറ്റി തുക മുതലായ വിവരങ്ങൾ കൂടി വാടകരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഫോർച്യൂണ എച്ച്.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ വാടകക്കരാർ കാലാവധി 30.11.18 ന് അവസാനിച്ചിരുന്നു. എന്നാൽ കരാർ പുതുക്കിയതായി കാണുന്നില്ല. യഥാസമയം കരാർ പുതുക്കേണ്ടതാണ്.

4. Rent from Auditorium & Hall എന്നയിനത്തിൽ ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-3, R&P Schedule RP-3 എന്നിവ പ്രകാരം വരുമാനം 2,000/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള വരുമാനം 4,000/- രൂപയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ -05/06-12-18) മറുപടിയായി മാന്വൽ രസീത് വഴി സ്വീകരിച്ച 2,000/- രൂപ Interrupted receipt ആയി ചേർക്കുവാൻ വിട്ടു പോയതുകൊണ്ടാണ് ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ 4,000/- രൂപയ്ക്ക് പകരം 2,000/- രൂപ വരുമാനം രേഖപ്പെടുത്തപ്പെട്ടതെന്നും മേലിൽ ഇത്തരം തെറ്റുകൾ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 3-1 സായൂജ്യ ഇക്കോഷോപ്പ് എന്ന പദ്ധതി കൂടുതൽ ഫലപ്രദമാക്കണം

കാർഷികവൃത്തിയിൽ തത്പരരായ പരമാവധി ഇരുപത്തിയഞ്ച് സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾ അംഗങ്ങളായുള്ള ഫെഡറേഷൻ രൂപീകരിക്കുകയും കർഷകർ, കർഷക ഗ്രൂപ്പുകൾ, വനിതാ-കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവിടങ്ങളിൽ നിന്നും കാർഷികോല്പന്നങ്ങളും, ജൈവ ഉത്പാദനോപാധികളും ജൈവവളങ്ങളും ജൈവകീടനാശിനികളും വിപണനം നടത്തുക, തൊഴിൽ രഹിതരായ വനിതാ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ പദ്ധതികൾക്ക് പുറമെ മറ്റ് ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുക മുതലായ ഉദ്ദേശ്യങ്ങളോടെയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്.

ഓഡിറ്റ് എൻക്വയറി നം. 4 ന് ലഭിച്ച മറുപടി പ്രകാരം ഈ പദ്ധതിക്ക വേണ്ടി ഇതുവരെ 1,93,183/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കാര്യമായ വിറ്റുവരവ് ഇതിലൂടെ നടക്കുന്നില്ല. ഈ പദ്ധതിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് ഓഡിറ്റിന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടത്.

ആയതിനാൽ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടത്താനുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-2 പ്രൊജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും മുഴുവൻ തുകയും ചെലവ് ചെയ്തു

തൻവർഷം നടപ്പാക്കിയ പല ജലസേചനപ്രൊജക്ടുകളിലും ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കുന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിക്കുകയോ ബില്ലിൽ നിന്നും കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. മുഴുവൻ ചെലവും പദ്ധതി വിഹിതത്തിൽ നിന്നാണ് ചെയ്തിരിക്കുന്നത്. ഭേദഗതി വരുത്തിയപ്പോഴും പ്രൊജക്ടിൽ നിന്നും ഗുണഭോക്തൃവിഹിതം ഒഴിവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ നം/ പേര് | വകയിരുത്തിയ തുക | | പ്രവൃത്തിമൂല്യം/ ചെലവഴിച്ച തുക | 11.12.2018 ലെ ഓഡിറ്റ് അന്വേഷണം നം.14 ന് ലഭിച്ച മറുപടി പരിഗണിച്ചുള്ള കുറിപ്പുകൾ |
|---|---|---|---|---|---|
| | | പൊതു വിഭാഗം വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | | |
| 1. | 99/18, പെരിങ്ങന്നൂർ ജലസേചന പദ്ധതി | 500000 | 50000 | അളവ് പുസ്തകം 24/17-18 പ്രകാരം ആകെ പ്രവൃത്തിമൂല്യം 364073 രൂപയാണ്. ട.ബി.29/28.3.18 പ്രകാരം 229064 രൂപയും 2018-19 ൽ 135009 രൂപയും അടക്കം 364073 രൂപയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. | 29.3.17 ലെ ജി.ഒ.(എം.എസ്.) 72/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ചെറുകിട ജലസേചന പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തണം എന്ന് പറയുന്നില്ലെന്നും പദ്ധതിക്ക് ഗുണഭോക്തൃവിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വിഹിതം ലഭ്യമാക്കിയിട്ടില്ലെന്നും മറുപടിയിൽ പറയുന്നു. എന്നാൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയ പ്രൊജക്ടിനാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമായിരിക്കുന്നത്. ആയതിനാൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കിക്കൊണ്ട് പ്രൊജക്ട് ഭേദഗതി വരുത്തണമായിരുന്നു. മാത്രമല്ല ഗുണഭോക്തൃവിഹിതം സംബന്ധിച്ച ലെഡ്ജറിൽ (ഹെഡ്കോഡ് 320800101) 7.11.17 ൽ പെരിങ്ങന്നൂർ ജലസേചനപദ്ധതി കൺവീനറിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 5,000/- രൂപ ലഭിച്ചതായി കാണുന്നു. ആയതിനാൽ ഗുണഭോക്തൃവിഹിതം |

| | | | | | |
|---|---|---|---|---|---|
| | | | | | ശേഖരിച്ചിട്ടുണ്ടോ ഗുണഭോക്തൃവിഹിതം ഒഴിവാക്കി പ്രൊജക്റ്റ് ഭേദഗതി ചെയ്യാതിരുന്നതിന്റെ കാരണം എന്നിവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും തൻവർഷം ആനുപാതികമായി നടത്തേണ്ടിയിരുന്നതായിരുന്ന 22,906/- രൂപയുടെ ചെലവ് (229064x10/100) തടസ്സപ്പെടുത്തുന്നു. |
| 2. | 39/17,20/18,കുറുങ്ങേരി കനാൽ പുനരുദ്ധാരണം | 933500 | 103722 | അളവ് പുസ്തകം 13/16-17 പ്രകാരം ആകെ പ്രവൃത്തിമൂല്യം 892813 രൂപയാണ്. ട്.ബി. 5/26.7.17 പ്രകാരം 892813 രൂപയും<br>വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. | ഈ പ്രവൃത്തിക്ക് ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ടെന്നും എന്നാൽ ആയത് ചെലവ് ചെയ്തിട്ടില്ലെന്നും ഗുണഭോക്തൃവിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ട തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കാമെന്നും മറുപടിയിൽ പറയുന്നു. ആയതിനാൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ 10% തുക 89281 (892813 x10/100) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്. അതുവരെ 89281 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3. | 36/17,18/18,ചൂരക്കാട്ടുകര മോട്ടോർഷെഡ് നിർമ്മാണം, കരക്കെട്ടു കാവ്ചിറ പലക പുനസ്ഥാപനം | 846000 | 94000 | ട്.ബി. 4/13.7.17 പ്രകാരം 818371 രൂപയും<br>ട്.ബി. 12/12.1.18 പ്രകാരം 27629 രൂപയും അടക്കം 846000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. | പ്രവൃത്തി നടക്കുന്ന സമയത്ത് തോടിന്റെ ബണ്ട് ഇടിഞ്ഞതിനാൽ ഭരണസമിതിയുടെ ഏ80/15.5.2017 ാം നമ്പർ തീരുമാനപ്രകാരം സംരക്ഷണഭിത്തി നിർമ്മാണം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തയ്യാറാക്കിയ പ്രൊജക്ടിൽ നിന്നും ഗുണഭോക്തൃവിഹിതം ഒഴിവാക്കി ബാക്കി തുകയുടെ പ്രവൃത്തി നടത്തി ഫൈനൽ ബിൽ നൽകാനും തീരുമാനിച്ചതായി മറുപടിയിൽ പറയുന്നു. എന്നാൽ അംഗീകാരം നേടിയ പ്രൊജക്റ്റ് ഭേദഗതി വരുത്തി ഗുണഭോക്തൃവിഹിതം ഒഴിവാക്കിയിട്ടില്ല. മാത്രമല്ല ഭരണസമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | 93/20.6.2017 ാം തീരുമാനത്തിൽ മോട്ടോർഷെഡ്, പലക തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കായി പുതിയ പ്രൊജക്ട് വയ്ക്കാനും ഗുണഭോക്തൃവിഹിതം അതിനായി ഉപയോഗിക്കാനും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പുതിയ പ്രൊജക്ട് രൂപീകരിച്ചതിന്റേയും പദ്ധതി പൂർത്തിയാക്കിയതിന്റേയും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റേയും വിശദാംശങ്ങൾ ഹാജരാക്കിയില്ല. പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം (അളവ് പുസ്തകം 5/16-17) 818371 രൂപ പിൻവലിച്ചിട്ടുണ്ട്. കൂടാതെ 27,629/- രൂപ കൂടി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയ അളവ് പുസ്തകം ലഭ്യമായില്ല. അളവു പുസ്തകം, മേൽ പറഞ്ഞ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതു വരെ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും നൽകേണ്ടിയിരുന്ന 84,600/- രൂപയുടെ ഇളവ് (846000X10/100) തടസ്സപ്പെടുത്തുന്നു. |

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തിയിടത്തെ മരങ്ങൾ വെട്ടിമാറ്റിയിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയവ മൂല്യനിർണ്ണയം നടത്തിയതായോ വിൽപ്പന നടത്തിയതായോ കാണുന്നില്ല. ഇവ ഉപയോഗശൂന്യമാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥർ ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം. | പ്രൊജക്ടിന്റെ നം/ പേര് | അളവ് പുസ്തകം നം/ ഇനം | വെട്ടിമാറ്റിയ മരത്തിന്റെ എണ്ണം | പ്രൊജക്ടിൽ ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 19/17,വെളപ്പായ ചൈനബസാർ അംഗൻവാടി നിർമ്മാണം | 20/16-17,1 | 5 | ട.ബി.9/28.9.17; 1055465 |
| 2. | 40/17, ഇക്കോഷോപ്പ് നിർമ്മാണം | 18/16-17,1 | 4 | ട.ബി.6/31.8.17; 780142 |

| | | | | |
|---|---|---|---|---|
| 3. | 49/17,പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടവും ചുറ്റുപാടും അറ്റകുറ്റപ്പണികൾ | 12/16-17,2 | 3 | ട.ബി.11/18.11.17; 345182 ട.ബി.11(a)/18.11.17; 435541 |

ഇത് സംബന്ധിച്ച് നൽകിയ 11.12.2018 ലെ ഓഡിറ്റ് അന്വേഷണം നം.14 ന് ലഭിച്ച മറുപടിയിൽ വെട്ടിമാറ്റിയ മരങ്ങളുടെ മൂല്യനിർണ്ണയ വില്പന വിശദാംശങ്ങൾ 14.11.2017 ന് പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-4 കുളം പുനരുദ്ധാരണത്തിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗവിവരമില്ല

കൈപ്പറമ്പ് പഞ്ചായത്തിലെ അവണാവ് ചിറയുടെപുനരുദ്ധാരണപ്രവൃത്തിയിൽ(പ്രൊജക്ട് നം.37/17) കുളം വൃത്തിയാക്കിയതിൽ നിന്നും (ഇനം 10 പേജ് 30,അളവ് പുസ്തകം 4/16-17) 963 m3 ചെളിമണ്ണ് ലഭിച്ചിരുന്നു. ഈ മണ്ണ് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് വിൽക്കാൻ ഭരണസമിതി 19.6.17 ലെ 26(1) തീരുമാനത്തിൽ നിശ്ചയിച്ചിരുന്നു. എന്നാൽ മൂല്യനിർണ്ണയം നടത്തിയതായോ ലേലം ചെയ്തതായോ കൈപ്പറമ്പ് പഞ്ചായത്തിനെ മേൽ വിവരം അറിയിച്ചതായോ ഫയലിൽ രേഖയില്ല. ഇത് സംബന്ധിച്ച് നൽകിയ 1.12.2018 ലെ ഓഡിറ്റ് അന്വേഷണം നം.14 ന് ലഭിച്ച മറുപടിയിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളമായതിനാൽ ബ്ലോക്ക് പഞ്ചായത്തിന് മണ്ണ് ലേലം ചെയ്യാൻ സാധിക്കുകയില്ലെന്നും ആയതിനാൽ പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശപ്രകാരം കുളത്തിന് ചുറ്റും ചേർത്ത് നിരപ്പാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 3-5 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ടെണ്ടർ ഫീസ് ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. എന്നാൽ നാളിതുവരെ നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഇതേവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 11.12.2018 ലെ ഓഡിറ്റ് അന്വേഷണം നം.14 ന് ലഭിച്ച മറുപടിയിൽ വാറ്റുൾപ്പെടെ 78388 രൂപ(72400+5988) രൂപയാണ് ലഭ്യമാകാനുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായില്ല. ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടതും ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-8 കുടിവെള്ളപദ്ധതികൾ -- ഡെപ്പോസിറ്റ് പ്രവൃത്തികൾ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2017-18 സാമ്പത്തികവർഷം 16 കുടിവെള്ളപദ്ധതികൾക്കായി ഭൂജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ ഒരു പദ്ധതിയുടെ തുക പദ്ധതി നടപ്പാക്കാൻ സാധിക്കാത്തതിനാൽ ഭൂജലവകുപ്പ് തിരികെ നൽകി.

| പദ്ധതി | ബിൽ നം | തുക |
|---|---|---|
| S102/18-എടക്കളത്തൂർ തെക്കേപ്പുറം എസ് സി സങ്കേതം കുടിവെള്ളപദ്ധതി | 11/17-18/16.10.17 | 500000 |
| S043/18കോലഴി 3ാംവാർഡ് രാജീവ്ഗാന്ധി കുടിവെള്ളപദ്ധതി | 24/17-18/30.10.17 | 500000 |
| | 101/17-18/28.3.18 | 200000 |
| S107/18അവണൂർഗ്രാമപഞ്ചായത്തിലെ ചൂരിയാൽ കുടിവെള്ളപദ്ധതി | 12/17-18/16.10.17 | 500000 |
| | 82/17-18/22.3.18 | 199000 |
| S049/18കൈപറമ്പ് ഗ്രാമപഞ്ചായത്തിലെ പെരിങ്ങന്നൂർകുടിവെള്ളപദ്ധതി | 25/17-18/30.10.17 | 450000 |
| S053/18പുറ്റേക്കരശാന്തിനഗർകുടിവെള്ളപദ്ധതി | 18/17-18/20.10.17 | 500000 |
| | 84/17-18/22.3.18 | 100000 |
| S046/18മുളങ്കുന്നത്തുകാവ് ഇരട്ടക്കുളംകുടിവെള്ളപദ്ധതി | 26/17-18/30.10.17 | 450000 |
| S052/18കുറ്റൂർ പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതി | 30/17-18/13.11.17 | 450000 |
| | 83/17-18/22.3.18 | 65000 |
| | 106/17-18/28.3.18 | 50000 |
| S066/18കോലഴി വലിയപറമ്പ് കുടിവെള്ളപദ്ധതി | 13/17-18/16.10.17 | 500000 |
| | 81/17-18/22.3.18 | 225000 |
| S050/18തോളൂർപഞ്ചായത്ത് ഹൈസ്കൂൾ പരിസരകുടിവെള്ളപദ്ധതി | 20/17-18/20.10.17 | 450000 |
| S045/18തോളൂർഗ്രാമപഞ്ചായത്ത് പോന്നോർചീനിക്കുളം കുടിവെള്ളപദ്ധതി | 31/17-18/13.11.17 | 450000 |
| | 102/17-18/28.3.18 | 130000 |
| S112/18കോലഴിപഞ്ചായത്തിലെ കുറ്റൂർജീസസ് റോഡ് കുടിവെള്ളപദ്ധതി | 23/17-18/25.10.17 | 450000 |
| | 85/17-18/22.3.18 | 50000 |
| | 104/17-18/28.3.18 | 135000 |
| S065/18മുണ്ടൂർ ഓലാംതുരുത്ത്കുടിവെള്ളപദ്ധതി | 14/17-18/16.10.17 | 500000 |
| S068/18കൈപറമ്പ്ഒന്നാംവാർഡ് പുത്തൂർറോഡ്പട്ടികജാതി സങ്കേതത്തിൽ കുടിവെള്ളപദ്ധതി | 19/17-18/20.10.17 | 500000 |
| S069/18അവണൂർപഞ്ചായത്ത് ഉള്ളാട്ടുവളപ്പിൽ കുടിവെള്ളപദ്ധതി | 28/17-18/13.11.17 | 644000 |
| | 103/17-18/28.3.18 | 115000 |
| S047/18കൈപ്പറമ്പ് പഞ്ചായത്ത് പേരാമംഗലം കിഴക്ക് കുടിവെള്ളപദ്ധതി | 29/17-18/13.11.17 | 470000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് നം.72/17 തസ്വഭവ തീയതി29.3.17 ഖ.8(3)(17)പ്രകാരം നിർമ്മാണപ്രവ്യത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ ഭൂജലവകുപ്പ് ജില്ലാതലഓഫീസറുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ഫയലിൽ ഇല്ല. തുക നൽകിയതിനുശേഷം 2018-19 ൽ ആണ് വിശദമായ എസ്റ്റിമേറ്റ് ഭൂജലവകുപ്പ് ഹാജരാക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് പ്രകാരം കൂടുതൽ തുക ആവശ്യമായി വരുമ്പോൾ തുക അടവാക്കുകയും ചെയ്യുന്നു.

2.ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗപത്രം, ഫൈനൽബിൽ, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

3.ചില പ്രവർത്തികളിൽ തനതുഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഭൂജലവകുപ്പിന് നൽകിയതായി കാണുന്നില്ല. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. എന്നാൽ വകയിരുത്തിയ വികസനഫണ്ട് മുഴുവനും കൈമാറിയിട്ടുണ്ട്.

| പദ്ധതി | വകയിരുത്തിയ തനതുഫണ്ട് | വകയിരുത്തിയ ഗുണഭോക്തൃവിഹിതം |
|---|---|---|
| കോലഴി 3ാംവാർഡ് രാജീവ്ഗാന്ധി കുടിവെള്ളപദ്ധതി | 290000 | 10000 |
| കൈപറമ്പ് ഗ്രാമപഞ്ചായത്തിലെ പെരിങ്ങന്നൂർകുടിവെള്ളപദ്ധതി | 45000 | 5000 |
| പുറ്റേക്കരശാന്തിനഗർകുടിവെള്ളപദ്ധതി | 193000 | 7000 |
| മുളങ്കുന്നത്തുകാവ് ഇരട്ടക്കുളംകുടിവെള്ളപദ്ധതി | 215000 | 35000 |
| തോളൂർപഞ്ചായത്ത് ഹൈസ്കൂൾ പരിസരകുടിവെള്ളപദ്ധതി | 45000 | 5000 |
| കൈപ്പറമ്പ് പഞ്ചായത്ത് പേരാമംഗലം കിഴക്ക് കുടിവെള്ളപദ്ധതി | 25000 | 5000 |
| അവണൂർപഞ്ചായത്ത് ഉള്ളാട്ടുവളപ്പിൽ കുടിവെള്ളപദ്ധതി | 49000 | 7000 |
| കോലഴിപഞ്ചായത്തിലെ കുറ്റൂർജീസസ് റോഡ് കുടിവെള്ളപദ്ധതി | 45000 | 5000 |
| തോളൂർഗ്രാമപഞ്ചായത്ത് പോന്നോർചീനിക്കുളം കുടിവെള്ളപദ്ധതി | 45000 | 5000 |
| കുറ്റൂർ പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതി | 45000 | 5000 |

4.ഭൂജലവകുപ്പ് ലഭ്യമാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം വൈദ്യുതി കണക്ഷന് 10,000/-രൂപ വീതം പദ്ധതികളിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തുകളോട് പ്രവ്യത്തി പൂർത്തീകരിക്കുന്ന മുറക്ക് വൈദ്യുതി കണക്ഷൻ എടുത്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

a)അവണൂർഗ്രാമപഞ്ചായത്തിലെ കുരിയാൽ കുടിവെള്ളപദ്ധതി

b)കോലഴി വലിയപറമ്പ് കുടിവെള്ളപദ്ധതി

c)തോളൂർഗ്രാമപഞ്ചായത്ത് പോന്നോർചീനിക്കുളം കുടിവെള്ളപദ്ധതി

5.ഭൂജലവകുപ്പ് എസ്റ്റിമേറ്റ് വർദ്ധിപ്പിച്ചതിനാൽ അടങ്കൽ തുക വർദ്ധിപ്പിച്ച് കൈമാറിയിട്ടുണ്ടെങ്കിലും അനുബന്ധകരാർ ഫയലിൽ ഇല്ല.

a)കൈപ്പറമ്പ് പഞ്ചായത്ത് പേരാമംഗലം കിഴക്ക് കുടിവെള്ളപദ്ധതി

b)അവണൂർപഞ്ചായത്ത് ഉള്ളാട്ടുവളപ്പിൽ കുടിവെള്ളപദ്ധതി

c)കോലഴിപഞ്ചായത്തിലെ കുറ്റൂർജീസസ് റോഡ് കുടിവെള്ളപദ്ധതി

d)തോളൂർഗ്രാമപഞ്ചായത്ത് പോന്നോർചീനിക്കുളം കുടിവെള്ളപദ്ധതി

e)കോലഴി വലിയപറമ്പ് കുടിവെള്ളപദ്ധതി

f)കുറ്റൂർ പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതി

g)പുറ്റേക്കരശാന്തിനഗർകുടിവെള്ളപദ്ധതി

h)അവണൂർഗ്രാമപഞ്ചായത്തിലെ കുരിയാൽ കുടിവെള്ളപദ്ധതി

ഭൂജലവകുപ്പുമായി അനുബന്ധകരാർ ഒപ്പുവക്കേണ്ടതാണ്.മറ്റ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരിക്കുവാൻ സർക്കാർ ഉത്തരവ് 80/17 തസ്വഭവ തീയതി3.4.17ഖ.14(ix)പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനസെക്രട്ടറി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 വിനിയോഗവിവരം ലഭ്യമായിട്ടില്ല

2017-18 വർഷം നിർവഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിൽ

മറ്റ് ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

1.മെഡിക്കൽ ഓഫീസർ, സിഎച്ച് സി, തോളൂർ

പദ്ധതി- 82/18-പാലിയേറ്റീവ് കെയർ-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം

ബിൽ നം.4/17-18/14.11.17–320000

ബിൽ നം.6/17-18/16.1.18–90400

| ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|
| കോലഴി | 80000 |
| കൈപ്പറമ്പ് | 80000 |
| മുളങ്കുന്നത്തുകാവ് | 80000 |
| തോളൂർ | 80000 |
| അവണൂർ | 90400 |

ഗ്രാമപഞ്ചായത്തുകൾ വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.

2.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

| പദ്ധതി | ബിൽ നം,തുക | ഏജൻസി | കൈപ്പറ്റിയ തുക |
|---|---|---|---|
| S078/18-ഉറവിടമാലിന്യസംസ്കരണം | 32/17-18/13.11.17-100000 | കോലഴി ഗ്രാമപഞ്ചായത്ത് | 100000 |
| S119/18-ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62/17-18/6.3.18-620000 | കൈപ്പറമ്പ്ഗ്രാമപഞ്ചായത്ത് | 220000 |
| | | തോളൂർഗ്രാമപഞ്ചായത്ത് | 200000 |
| | | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | 200000 |
| | 105/17-18/28.3.18-100000 | അവണൂർഗ്രാമപഞ്ചായത്ത് | 100000 |
| S067/18--ബ്ലോക്ക്നീർത്തടമാസ്റ്റർപ്ലാൻ | 90/17-18/24.3.18-131500 | കില,CHRD,കൊട്ടാരക്കര | 131500 |
| S077/18— | 34/17-18/ | കോലഴി ഗ്രാമപഞ്ചായത്ത് | 100000 |

| | | | |
|---|---|---|---|
| സമ്പൂർണ്ണജലസുരക്ഷാപദ്ധതി | 13.11.17-300000 | | |
| | | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 100000 |
| | 51/17-18/19.1.18-110000 | തോളൂർ ഗ്രാമപഞ്ചായത്ത് | 110000 |
| | 66/17-18/6.3.18-176000 | അവണൂർ ഗ്രാമപഞ്ചായത്ത് | 176000 |

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടിൻജന്റ് ചെലവുകൾക്കായി ഉദ്യോഗസ്ഥർക്ക് നൽകിയ താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| കൈപ്പറ്റിയ വ്യക്തി | ചെക്ക് നം | തുക |
|---|---|---|
| മെഡിക്കൽ സൂപ്രണ്ട്, സിഎച്ച് സി, തോളൂർ | 2320099/23.8.17 | 70000 |
| | 2182418/10.11.17 | 75000 |
| | 2182485/27.3.18 | 60000 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2182468/15.2.18 | 5000 |
| മെഡിക്കൽ സൂപ്രണ്ട്, പിഎച്ച് സി, പാമ്പൂർ | 2182438/14.12.17 | 25000 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2182428/17.11.17 | 25000 |
| അസിസ്റ്റന്റ്ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 2182448/29.12.17 | 7500 |
| പട്ടികജാതി വികസനഓഫീസർ | 2182469/15.2.18 | 5000 |
| | ആകെ | 272500 |

എന്നാൽ വാർഷികകണക്കുകൾ പ്രകാരം 67,348/- രൂപ മാത്രമാണ് ക്രമീകരിക്കുവാൻ ബാക്കിയുള്ളത്. കണ്ടിജൻസി ചെലവുകൾക്ക് നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കി മുൻകൂറുകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കേണ്ടതും ഇക്കാര്യത്തിൽ 419/11 ഫിൻ പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

# 3-11 എസ്.സി, എസ്.ടി ഡവലപ്പ്മെന്റ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകത

i) പ്രൊ.നം. 37/18 – പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം

ട്രഷറി ബിൽ നം. 2/2017-18 തിയതി 27.11.17 തുക 75,000/-

ട്രഷറി ബിൽ നം. 4/17-18 തീയതി 29.01.18 തുക 75,000/- സ.ഉ.(എം.എസ്)നമ്പർ, 80/2017/ത.സ്വ.ഭ.വ, തിയതി 03.04.2017 ലെ ഖണ്ഡിക 11.08.(2) പ്രകാരം മെഡിക്കൽ കോഴ്സിന് 30,000/- രൂപയും എഞ്ചിനീയറിംഗ് കോഴ്സിന് 20,000/- രൂപയും ബിരുദ ബിരുദാനന്തര/ ഗവേഷണ കോഴ്സുകൾക്ക് 30,000/- രൂപയും മറ്റെല്ലാ കോഴ്സുകൾക്കും 15,000/- രൂപ വീതവുമാണ് മെറിറ്റോറിയസ് സ്കോളർഷിപ്പായി വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്നത്. എന്നാൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെ എല്ലാ വിദ്യാർത്ഥികൾക്കും 25,000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്. മനീഷ എ.എം (BTech), സംഗീത സുബ്രഹ്മണ്യൻ (BTech) എന്നിവർക്ക് 5,000/- രൂപ വീതം ഇപ്രകാരം അധികം നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ അധികം നൽകിയ 10,000/- രൂപ (5000+5000) ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ii) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും, ഭരണസമിതിയും അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഫയലിൽ അങ്ങനെ കാണുന്നില്ല.

iii) ടി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ്, ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും മറ്റ് ആനുകൂല്യങ്ങൾ ഒന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഫയലിൽ അങ്ങനെ കാണുന്നില്ല.

iv) മേൽ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾ തുക കൈപ്പറ്റിയെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. എന്നാൽ

ഫയലിൽ ടി രേഖകൾ കാണുന്നില്ല.

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-12 ഐ.എ.വൈ / പി.എം.എ.വൈ പദ്ധതികളുടെ അവലോകനം

(എ) ഐ.എ.വൈ പദ്ധതി - പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ.എ.വൈ ഭവന പദ്ധതിയിൽ ഭവനനിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്തതായി 43 വീടുകൾ ഉണ്ടായിരുന്നു. 2017-18 വർഷത്തിൽ ഈ വീടുകളിൽ 40 വീടുകൾ " ലൈഫ് 2015-16 വരെ വിവിധ സർക്കാർ പദ്ധതികളിൽ അനുവദിച്ച പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (ജനറൽ), ലൈഫ് 2015-16 വരെ വിവിധ സർക്കാർ പദ്ധതികളിൽ അനുവദിച്ച പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (എസ്.സി)" എന്നീ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 3 വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) പി.എം.എ.വൈ പദ്ധതിപി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കരാർ വെച്ച ഗുണഭോക്താക്കൾ | ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ | പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കൾ |
|---|---|---|---|
| 2016-17 | 21 | 21 | ഇല്ല |
| 2017-18 | 6 | 6 | ഇല്ല |

നിലവിൽ പി.എം.എ.വൈ പദ്ധതിയിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ എല്ലാവരും ഭവനനിർമ്മാണം പൂർത്തീകരിച്ചതായി സ്ഥാപനം അറിയിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും ഐ.എ.വൈ / പി.എം.എ.വൈ വിഹിതമായി ലഭിക്കുന്ന തുകകൾ ഒരേ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. 2017-18 വർഷത്തിൽ . ഐ.എ.വൈ പ്ലാൻ അക്കൗണ്ടിൽ 71,95,42/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതാണെന്ന വിവരങ്ങൾ ലഭ്യമല്ല. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ, അവയിൽ നിന്നുള്ള ചെലവുകൾ എന്നിവ ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അവശേഷിക്കുന്ന തുകയിൽ ഓരോ സ്ഥാപനത്തിൽ നിന്നുള്ള വിഹിതം വ്യക്തമാക്കുന്ന രീതിയിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അവണൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 500000 | പെരിഞ്ചിറ നവീകരണം | 173757 | 326243 |
| തോളൂർഗ്രാമപഞ്ചായത്ത് | 2017-18 | 1000000 | കൊള്ളന്നൂർസാംസ്കാരികനിലയംപുനരുദ്ധാരണം | 0 | 1000000 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ്, തൃശ്ശൂർ | S102/18-എടക്കളത്തൂർ തെക്കേപ്പുറം എസ് സി സങ്കേതം കുടിവെള്ളപദ്ധതി | 11/17-18/16.10.17 | 500000 | 0 | 500000 |
| | S043/18കോലഴി 3ാംവാർഡ് രാജീവ്ഗാന്ധി കുടിവെള്ളപദ്ധതി | 24/17-18/30.10.17 | 500000 | 0 | 500000 |
| | | 101/17-18/28.3.18 | 200000 | 0 | 200000 |
| | S107/18അവണൂർഗ്രാമപഞ്ചായത്തിലെ ക്കുരിയാൽ കുടിവെള്ളപദ്ധതി | 12/17-18/16.10.17 | 500000 | 0 | 500000 |
| | | 82/17-18/22.3.18 | 199000 | 0 | 199000 |
| | S049/18കൈപറമ്പ് ഗ്രാമപഞ്ചായത്തിലെ പെരിങ്ങന്നൂർകുടിവെള്ളപദ്ധതി | 25/17-18/30.10.17 | 450000 | 0 | 450000 |
| | S053/18പുറ്റേക്കരശാന്തിനഗർകുടിവെള്ളപദ്ധതി | 18/17-18/20.10.17 | 500000 | 0 | 500000 |
| | | 84/17-18/22.3.18 | 100000 | 0 | 100000 |
| | S046/18മുളങ്കുന്നത്തുകാവ് ഇരട്ടക്കുളംകുടിവെള്ളപദ്ധതി | 26/17-18/30.10.17 | 450000 | 0 | 450000 |
| | S052/18കുറ്റൂർ പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതി | 30/17-18/13.11.17 | 450000 | 0 | 450000 |
| | | 83/17-18/22.3.18 | 65000 | 0 | 65000 |
| | | 106/17-18/28.3.18 | 50000 | 0 | 50000 |
| | S066/18കോലഴി വലിയപറമ്പ് കുടിവെള്ളപദ്ധതി | 13/17-18/16.10.17 | 500000 | 0 | 500000 |
| | | 81/17-18/22.3.18 | 225000 | 0 | 225000 |
| | S050/18തോളൂർപഞ്ചായത്ത് ഹൈസ്കൂൾ പരിസരകുടിവെള്ളപദ്ധതി | 20/17-18/20.10.17 | 450000 | 0 | 450000 |
| | S045/18തോളൂർഗ്രാമപഞ്ചായത്ത് പോന്നോർചീനിക്കുളം കുടിവെള്ളപദ്ധതി | 31/17-18/13.11.17 | 450000 | 0 | 450000 |
| | | 102/17-18/28.3.18 | 130000 | 0 | 130000 |
| | S112/18കോലഴിപഞ്ചായത്തിലെ കുറ്റൂർജീസസ് റോഡ് കുടിവെള്ളപദ്ധതി | 23/17-18/25.10.17 | 450000 | 0 | 450000 |
| | | 85/17-18/22.3.18 | 50000 | 0 | 50000 |
| | | 104/17-18/28.3.18 | 135000 | 0 | 135000 |
| | S065/18മുണ്ടൂർ ഓലാംതുരുത്ത്കുടിവെള്ളപദ്ധതി | 14/17-18/16.10.17 | 500000 | 0 | 500000 |
| | S068/18കൈപറമ്പ്ഒന്നാംവാർഡ് പുത്തൂർറോഡ്പട്ടികജാതി സങ്കേതത്തിൽ കുടിവെള്ളപദ്ധതി | 19/17-18/20.10.17 | 500000 | 0 | 500000 |
| | S069/18അവണൂർപഞ്ചായത്ത് ഉള്ളാട്ടുവളപ്പിൽ കുടിവെള്ളപദ്ധതി | 28/17-18/13.11.17 | 644000 | 0 | 644000 |
| | | 103/17-18/28.3.18 | 115000 | 0 | 115000 |
| | S047/18കൈപ്പറമ്പ് പഞ്ചായത്ത് പേരാമംഗലം | 29/17- | 470000 | 0 | 470000 |

| | | | | | | |
|---|---|---|---|---|---|---|
| | കിഴക്ക് കുടിവെള്ളപദ്ധതി | 18/13.11.17 | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐഎവൈ ഗുണഭോക്താക്കൾക്ക് അധികസഹായത്തിന് സഹകരണബാങ്കുകളിൽ നിന്നുള്ള വായ്പ | ജി ഒഎം എസ് 90/13 തീയതി 14/03/2013 | 5753358 | 1702074 | 170716 | 429916 | 1358 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56297112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54167450 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 196787 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

<u>നഷ്ടമായ തുക</u>

| ടെൻഡർ നമ്പർ | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-11 | - | 10,000 | സുജിത്.എസ് , പട്ടിക ജാതി വികസന ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2.1 | 22906 | വിനോദ്.ഇ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,പുഴക്കൽ ബ്ലോക്ക് |
| 3.2.2 | 89281 | ശാന്തകുമാരി.വി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,പുഴക്കൽ ബ്ലോക്ക് |
| 3.2.3 | 81837 | ശാന്തകുമാരി.വി.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,പുഴക്കൽ ബ്ലോക്ക് |
| | 2763 | വിനോദ്.ഇ.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,പുഴക്കൽ ബ്ലോക്ക് |
| ആകെ | 196787 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| സുജിത്.എസ് , പട്ടിക ജാതി | ലഭ്യമല്ല | അശ്വതി, H No. 111, നിയർ ഐ വിഷൻ |

| | | | |
|---|---|---|---|
| വികസന ഓഫീസർ | | ഹോസ്പിറ്റൽ , ക്ലർക്കഞ്ചേരി | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12/ 14.3.12 |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 |
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14/ 12.11.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി) 375/15/5.8.15/3.9.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16 തീ. 21.5.16/16.8.16 |
| 15-16 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)351/17/ 24.3.17 |
| 16-17 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)1722/17/ 30.11.17 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ